# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.242 28/10/2019-ൽ മറുപടിക്ക്

**കാൻസർരോഗ ബോധവത്ക്കരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ബാബു** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | പാലക്കാട് ജില്ലയിൽ കാൻസർ രോഗം ബാധിക്കുന്നവരുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനവ് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | അത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. |
| ബി) | ജില്ലയിലെ ഏതു മേഖലയിലാണ് ഈ രോഗം ബാധിച്ചവരുടെ എണ്ണം കൂടുതലുള്ളതെന്ന് വിശദമാക്കുമോ; | ബി) | ആധികാരികമായ പഠനങ്ങളുടെ അഭാവത്തിൽ ഏതെങ്കിലും പ്രദേശത്ത് ക്യാൻസർ കൂടുതലുണ്ടെന്ന് സാങ്കേതികമായി സ്ഥിരീകരിക്കുവാനാകില്ല. |
| സി) | കാൻസർ രോഗത്തിനെതിരെ എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ? | സി) | സംസ്ഥാന ആരോഗ്യ വകുപ്പ് 2018-19 വർഷത്തിൽ പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 10 ബോധവൽക്കരണ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. 10 ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകളും നടത്തിയിട്ടുണ്ട്.<br>ആർ.സി.സിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം, ഏർളി കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ (ECDCs) എന്നിവയുടെ ആഭിമുഖ്യത്തിൽ കാൻസർ പരിശോധന ക്ലിനിക്കുകളും ബോധവൽക്കരണ പരിപാടികളും തുടർച്ചയായി നടത്തിവരുന്നുണ്ട്. 2014 ജനുവരി മാസം കേരള ആരോഗ്യ വകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും (NRHM) ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി (Campaign Against Cancer in Kerala) - യ്ക്ക് തുടക്കമിട്ടു. അതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിന്നുള്ള ഡോക്ടർമാർക്കും നേഴ്സുമാർക്കും കാൻസർ ബോധവൽക്കരണ ക്ലാസുകളും, കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനങ്ങളും ആർ.സി.സി നൽകി വരുന്നു.<br>പുകയിലജന്യമായ ക്യാൻസറുകൾ പരമാവധി കുറയ്ക്കുക, നേരത്തെ കണ്ടു പിടിക്കാൻ സാധിക്കുന്ന കാൻസറുകളായ വായിലെ കാൻസർ, ഗർഭാശയഗള കാൻസർ, സ്തനാർബുദം എന്നിവ പരമാവധി നേരത്തെ |

| | | | |
|---|---|---|---|
| | | | കണ്ടുപിടിക്കുക, കാൻസറിന് മുന്നോടിയായ മാറ്റങ്ങൾ ഉള്ളവർക്കും കാൻസർ രോഗികൾക്കും ഫലപ്രദമായ ചികിത്സ നേരത്തെ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടി പൊതുജനങ്ങൾക്ക് വ്യാപകമായ തോതിലുള്ള കാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു. പുകയില, മദ്യപാനം എന്നിവയുടെ പാർശ്വഫലങ്ങൾ, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, ആഹാര രീതി, കാൻസർ പ്രതിരോധം, നിയന്ത്രണം എന്നീ വിഷയങ്ങളെക്കുറിച്ച് സ്കൂൾ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതു കൂടാതെ NSS വോളന്റിയേഴ്സ്, ആശ വർക്കേഴ്സ്, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്കും ആർ.സി.സി യുടെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ